## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 659** 28.02.2017-ൽ **മറുപടിക്ക്**

## വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിലെ വിഷയങ്ങൾ

| | ചോദ്യം<br><br>ശ്രീ. എസ്.ശർമ്മ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിളിച്ചുചേർത്ത എം.എൽ.എ. മാരുടെ യോഗത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | തീരദേശ സംരക്ഷണ നിയമം ലംഘിച്ചിട്ടുള്ള കേസുകളിൽ ഇലക്ട്രിക് കണക്ഷൻ ലഭിക്കാൻ കാല താമസം വരാറുണ്ട് എന്നും, കനാലോരം, കായലോരം, കടലോരം, പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻഅനുവദിക്കണമെന്നും ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ വരുന്നവരും എന്നാൽ സാമ്പത്തികമായി മെച്ചമല്ലാത്തവർക്കും അധിക ഭാരമില്ലാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്നും, പട്ടയം ലഭ്യമാകാത്ത വീടുകൾക്കും വൈദ്യുത കണക്ഷൻ ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു.<br><br>വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിളിച്ച ചേർത്ത എം.എൽ.എ മാരുടെ യോഗത്തിൽ പ്രസരണ വിഭാഗത്തിൽ 1998-ൽ തുടങ്ങിയ ചെറായി സബ്സ്റ്റേഷന്റെ പണി ഇനിയും പൂർത്തീകരിച്ചിട്ടില്ലെന്നും ആകെയുള്ള 12 കിലോമീറ്റർ ദൂരത്തിൽ കേവലം 1 ½ കിലോമീറ്റർ ഭാഗത്തായി 22 കേസുകൾ നിലവിലുണ്ടെന്നും ഇതു പരിഹരിക്കാൻ ഒരു അദാലത്ത് സംഘടിപ്പിക്കുവാൻ ജില്ലാ ഭരണകൂടം നടപടിയെടുക്കണമെന്നും അല്ലെങ്കിൽ ഈ ഭാഗത്ത് ഓവർഹെഡ് ലൈനിനു പകരം |

| | | | |
|---|---|---|---|
| | | | ഭൂഗർഭ കേബിൾ ആക്കി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണമെന്നും ഉന്നയിച്ചു. |
| (ബി) | ഇക്കാര്യങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (ബി) | ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച എല്ലാ ആവശ്യങ്ങളും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വീസ് കണക്ഷൻ നടപടിക്രമങ്ങളുടെ ലഘൂകരണത്തോടെ പരിഹരിച്ചിട്ടുണ്ട്.<br>നിർദ്ദിഷ്ട 110 കെ.വി. ചെറായി ലൈൻ റൂട്ടിൽ നിലവിലുള്ള 22 കേസുകൾ എല്ലാം അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ പരിഗണനയിലാണ്. പ്രസ്തുത കേസുകളിൽ എ.ഡി.എം. ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അനുകൂല മാകുകയും പുതിയ കേസുകൾ ഉണ്ടാകാതിരിക്കുകയു മാണെങ്കിൽ രണ്ടു വർഷത്തിനകം ലൈൻ നിർമ്മാണം പൂർത്തിയാക്കി 110 കെ.വി. ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുവാനാകും. |

Hemalatha

**സെക്ഷൻ ഓഫീസർ**